**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5093** **20-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പട്ടയം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ പട്ടയ പ്രശനങ്ങൾ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി പരിഹരിച്ച് വരികയാണ്. ജില്ലയിലെ വിവിധ വില്ലേജുകളിൽ ഉൾപ്പെട്ട് വരുന്നതും കൈവശ ഭൂമിയ്ക്ക് പട്ടയം ലഭിക്കാത്തതുമായ കേസുകൾ സംസ്ഥാന സർക്കാരിന്റെ പട്ടയ മിഷനിൽ ഉൾപ്പെടുത്തി ജില്ലയിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൊയിലാണ്ടി താലൂക്കിലെ കൊയിലാണ്ടി, ബാലുശ്ശേരി, പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ബഹു. എം.എൽ.എമാരുടെ അധ്യക്ഷതയിലും ജനപ്രതിനിധികളുടെ സാന്നിധ്യത്തിലും യോഗം ചേർന്ന് മുഴുവൻ പട്ടയ പ്രശ്നങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി നടപടി സ്വീകരിക്കുന്നതായി ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊയിലാണ്ടി താലൂക്കിൽ കോളനി പട്ടയം, ലാന്റ് ട്രിബ്യൂണൽ പട്ടയം, മിച്ചഭൂമി പട്ടയം എന്നിവയിൽ ഉൾപ്പെട്ട 624 കേസുകളിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിനായി സർക്കാർ ഉത്തരവുകൾ നൽകേണ്ട കേസുകളിൽ സമയബന്ധിതമായി നടപടി കൈകൊണ്ടു വരുന്നു. |
| (ബി) | പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ, ചെമ്പനോട, ചങ്ങരോത്ത്, നൊച്ചാട് വില്ലേജുകളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ചക്കിട്ടപ്പാറ വില്ലേജിൽ കൂത്താളി കൂട്ട് കൃഷി ഫാം, കൊളത്തൂർ എസ്റ്റേറ്റ്, ഓന്നിപ്പുഴ, കോളനി പട്ടയം എന്നിവയിൽ ഉൾപ്പെടെ 202 കേസുകൾ നിലവിലുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി (1) ചേർക്കുന്നു.<br><br>ചെമ്പനോട വില്ലേജിൽ പന്നിക്കോട്ടൂർ കോളനിയിൽ താമസിച്ച് വരുന്ന 12 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാണ് ഹർജി സമർപ്പിച്ചത്. പന്നിക്കോട്ടൂർ കോളനിയിൽ 96 കുടുബങ്ങൾക്ക് 2ഏക്കർ വീതം കേരള ഭൂമി പതിവ് ചട്ടപ്രകാരം ഭൂമി പതിച്ച് നൽകിയിരുന്നു. ടി കുടുംബങ്ങളിൽ ശ്രീ. മീത്തലെ |

കുറുമ്പാട്ട് നാരായണൻ എന്നവർക്ക് ഭൂമി പതിച്ച് നൽകിയതും എന്നാൽ കക്ഷി നാളിതുവരെ ഭൂനികുതി ഒടുക്കുകയോ കൈവശം വച്ച് വരികയോ ചെയ്യാത്തതിനാൽ 6 കുടുംബങ്ങൾ കയ്യേറി താമസിച്ച് വരുന്നു. ഇതിനോട് ചേർന്ന് ശ്മശാനത്തിന് മാറ്റിവെക്കുകയും നാളിതുവരെ ശ്മശാനത്തിന് വേണ്ടി ഉപയോഗിച്ച് വരാത്ത ഭൂമിയിൽ 6 കുടുംബങ്ങൾ ഉൾപ്പെടെ 12 കുടുംബങ്ങൾ പട്ടയത്തിന് ഹർജി സമർപ്പിച്ചിരുന്നു . മേൽ വിഷയത്തിൽ മുമ്പ് പട്ടയം അനുവദിച്ച ഫയലുകൾ കണ്ടെത്തി പരിശോധിച്ചതിൽ പട്ടിക ജാതി വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് റവന്യൂ വകുപ്പ് വഴി പട്ടയം അനുവദിച്ചതായാണ് കാണുന്നത് .ആയതിനാൽ നിലവിൽ പട്ടയം അനുവദിക്കുന്നതിന് അപേക്ഷ നൽകിയവർ കൈവശം വെച്ചുവരുന്ന ഭൂമിയിൽ മുമ്പ് ഭൂമി അനുവദിച്ചതു റദ്ദ് ചെയ്തുകൊണ്ടും നിലവിൽ ഭൂമി കൈവശം വെച്ചുവരുന്നവർക്കു ഭൂമി അനുവദിച്ചുകൊണ്ടും ഉള്ള ഉത്തരവു പട്ടിക ജാതി വകുപ്പിൽ നിന്ന് ലഭ്യമാക്കി പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചങ്ങരോത്ത് വില്ലേജ് ചങ്ങരോത്ത് ദേശത്ത് റി.സ. 11,17,18,19 ൽപ്പെട്ട 17.10 ഹെക്ടർ (ജാനകി വയൽ) ഭൂമി പട്ടയം ലഭിക്കുന്നതിനുള്ള ഹർജി പരിശോധിച്ചതിൽ പ്രസ്തുത ഭൂമി അവകാശികളില്ലാത്തതിനെ തുടർന്ന് കേരള എസ്ചീറ്റ് ആൻഡ് ഫോർഫീച്ചർ ആക്ട് പ്രകാരം ഏറ്റെടുക്കുകയും, ടി ഭൂമിയിൽ കയ്യേറി താമസിച്ച് വരുന്ന 44 കുടുംബങ്ങളുടെ വിശദാംശം താലൂക്ക് സ്പെഷ്യൽ ടീം പരിശോധിച്ച് 15സെന്റും അതിൽ കുറവ് ഭൂമി കൈവശം വെച്ച് വീട് വെച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി പതിവ് കമ്മിറ്റി അംഗീകരിച്ച 15 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന്റെ തുടർ ഉത്തരവിനും, അവശേഷിച്ച 29 കുടുംബങ്ങളുടെ കേസിൽ സ്വീകരിക്കേണ്ട തുടർ നടപടിക്കായി വിശദമായ റിപ്പോർട്ട് താലൂക്കിൽ നിന്നും സമർപ്പിച്ചിട്ടുള്ളതുമാണെന്നു ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നൊച്ചാട് വില്ലേജിൽ ബോട്ട് ഇൻ-ലാൻഡ് ഭൂമിയിൽ താമസിച്ച് വരുന്നവരുടെ ഭൂമി പ്രശ്നം താലൂക്ക് സ്പെഷൽ ടീം പരിശോധിക്കുകയും പ്രസ്തുത കക്ഷികളിൽ 15 സെന്റും അതിൽ കുറവ് ഭൂമി കൈവശം വരുന്ന വീട് വച്ച് താമസിക്കുന്ന 9 കുടുംബത്തിന് ജില്ലാ കളക്ടർ പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

| | | | |
|---|---|---|---|
| | | | നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടറിൽ നിന്നും അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് വേണ്ടുന്ന പക്ഷം ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് |
| (സി) | ഈ വില്ലേജുകളിൽ നിന്നും എത്ര പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ; പ്രസ്തുത അപേക്ഷകളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (സി) | പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ചക്കിട്ടപ്പാറ വില്ലേജിൽ കൂത്താളി കൂട്ട് കൃഷി ഫാം, കൊളത്തൂർ എസ്റ്റേറ്റ്, ഓന്നിപ്പുഴ, കോളനി പട്ടയം എന്നിവയിൽ ഉൾപ്പെടെ 202 കേസുകൾ നിലവിലുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി (1) ചേർക്കുന്നു.<br><br>ചെമ്പനോട വില്ലേജിൽ പന്നിക്കോട്ടൂർ കോളനിയിൽ താമസിച്ച് വരുന്ന 12 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാണ് ഹർജി സമർപ്പിച്ചത്. പന്നിക്കോട്ടൂർ കോളനിയിൽ 96 കുടുബങ്ങൾക്ക് 2ഏക്കർ വീതം കേരള ഭൂമി പതിവ് ചട്ടപ്രകാരം ഭൂമി പതിച്ച് നൽകിയിരുന്നു. ടി കുടുംബങ്ങളിൽ ശ്രീ. മീത്തലെ കുറുമ്പാട്ട് നാരായണൻ എന്നവർക്ക് ഭൂമി പതിച്ച് നൽകിയതും എന്നാൽ കക്ഷി നാളിതുവരെ ഭൂനികുതി ഒടുക്കുകയോ കൈവശം വച്ച് വരികയോ ചെയ്യാത്തതിനാൽ 6 കുടുംബങ്ങൾ കയ്യേറി താമസിച്ച് വരുന്നു. ഇതിനോട് ചേർന്ന് ശ്മശാനത്തിന് മാറ്റിവെക്കുകയും നാളിതുവരെ ശ്മശാനത്തിന് വേണ്ടി ഉപയോഗിച്ച് വരാത്ത ഭൂമിയിൽ 6 കുടുംബങ്ങൾ ഉൾപ്പെടെ 12 കുടുംബങ്ങൾ പട്ടയത്തിന് ഹർജി സമർപ്പിച്ചിരുന്നു . മേൽ വിഷയത്തിൽ മുമ്പ് പട്ടയം അനുവദിച്ച ഫയലുകൾ കണ്ടെത്തി പരിശോധിച്ചതിൽ പട്ടിക ജാതി വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് റവന്യൂ വകുപ്പ് വഴി പട്ടയം അനുവദിച്ചതായാണ് കാണുന്നത് .ആയതിനാൽ നിലവിൽ പട്ടയം അനുവദിക്കുന്നതിന് അപേക്ഷ നൽകിയവർ കൈവശം വെച്ചുവരുന്ന ഭൂമിയിൽ മുമ്പ് ഭൂമി അനുവദിച്ചതു റദ്ദ് ചെയ്തുകൊണ്ടും നിലവിൽ ഭൂമി കൈവശം വെച്ചുവരുന്നവർക്കു ഭൂമി അനുവദിച്ചുകൊണ്ടും ഉള്ള ഉത്തരവു പട്ടിക ജാതി വകുപ്പിൽ നിന്ന് ലഭ്യമാക്കി പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ചങ്ങരോത്ത് വില്ലേജ് ചങ്ങരോത്ത് ദേശത്ത് റി.സ. 11,17,18,19 ൽപ്പെട്ട 17.10 ഹെക്ടർ (ജാനകി വയൽ) ഭൂമി പട്ടയം ലഭിക്കുന്നതിനുള്ള ഹർജി പരിശോധിച്ചതിൽ പ്രസ്തുത ഭൂമി അവകാശികളില്ലാത്തതിനെ തുടർന്ന് കേരള |

| | | | |
|---|---|---|---|
| | | | എസ്ചീറ്റ് ആൻഡ് ഫോർഫീച്ചർ ആക്ട് പ്രകാരം എറ്റെടുക്കുയും, ടി ഭൂമിയിൽ കയ്യേറി താമസിച്ച് വരുന്ന 44 കുടുംബങ്ങളുടെ വിശദാംശം താലൂക്ക് സ്പെഷ്യൽ ടീം പരിശോധിച്ച് 15സെന്റും അതിൽ കുറവ് ഭൂമി കൈവശം വെച്ച് വീട് വെച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി പതിവ് കമ്മിറ്റി അംഗീകരിച്ച 15 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന്റെ തുടർ ഉത്തരവിനും, അവശേഷിച്ച 29 കുടുംബങ്ങളുടെ കേസിൽ സ്വീകരിക്കേണ്ട തുടർ നടപടിക്കായി വിശദമായ റിപ്പോർട്ട് താലൂക്കിൽ നിന്നും സമർപ്പിച്ചിട്ടുള്ളതുമാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>നൊച്ചാട് വില്ലേജിൽ ബോട്ട് ഇൻ-ലാൻഡ് ഭൂമിയിൽ താമസിച്ച് വരുന്നവരുടെ ഭൂമി പ്രശ്നം താലൂക്ക് സ്പെഷൽ ടീം പരിശോധിക്കുകയും പ്രസ്തുത കക്ഷികളിൽ 15 സെന്റും അതിൽ കുറവ് ഭൂമി കൈവശം വരുന്ന വീട് വച്ച് താമസിക്കുന്ന 9 കുടുംബത്തിന് ജില്ലാ കളക്ടർ പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടറിൽ നിന്നും അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് വേണ്ടുന്ന പക്ഷം ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് വില്ലേജിൽ കൊടുത്ത പട്ടയത്തിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നൊച്ചാട് വില്ലേജിൽ കേരള ഭൂമി പതിവ് ചട്ട പ്രകാരം പട്ടയം നൽകിയവരുടെ വിശദാംശം അനുബന്ധമായി (2) ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ക്രമ നമ്പർ | വിഷയം | കേസുകൾ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കൊളത്തൂർ എസ്റ്റേറ്റ് | 60 | ശ്രീ പി.ഐ ജോസഫ് എന്നവർക്ക് 95 ഏക്കർ റവന്യൂ ഭൂമി പാട്ടത്തിന് നൽകിയതിൽ പാട്ടഭൂമി അനധികൃതമായി പാട്ടകക്ഷി കൈമാറുകയും ആയത് നിയമാനുസൃതമല്ലാത്ത കൈമാറ്റമായതിനാൽ ആയത് തിരിച്ചെടുക്കാൻ സർക്കാർ ഉത്തരവാകുകയും ചെയ്തിരുന്നു. തിരിച്ചെടുത്ത ഭൂമി 45 ഏക്കർ പട്ടിക വർഗ്ഗ വിഭാഗത്തിനും 1 എക്കർ വീതം പതിച്ച് നൽകുകയും, 9 ഏക്കർ ഭൂമി കൈമാറ്റം വഴി ഐ. ടി.ഐക്കും. 1 ഏക്കർ വിവിധ ആവിശ്യത്തിന് ഗ്രാമ പഞ്ചായത്തിന് മാറ്റിവെക്കുകയും ചെയ്തിരുന്നു. ഭൂമി അനധികൃതമായി കൈമാറിയ കക്ഷികൾ പട്ടയം ലഭിക്കാൻ വിവിധ തലങ്ങളിൽ ഹർജി സമർപിച്ചതിനെ തുടർന്ന് സർക്കാർ ഉത്തരവ് പ്രകാരം 43 കടുംബത്തിന് 50 സെന്റ് എന്ന് നിജപ്പെടുത്തി പട്ടയം അനുവദിച്ചിരുന്നു. അന്ന് തിരിച്ചെടുക്കാൻ ബാക്കിയുള്ള ഭൂമിക്ക് പട്ടയം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനാണ് കക്ഷികൾ ഹർജി സമർപ്പിച്ചിട്ടുള്ളത്. ആയതിൽ നടപടി സ്വീകരിച്ച് വരുന്നു |
| 2 | കൂത്താളി കൂട്ട് കൃഷി ഫാം | 100 | കൂത്താളി കൂട്ട് കൃഷി ഫാമിൽ 1 ഹെക്ടർ വീതം നിരവധി കുടുംബങ്ങൾക്ക് സ്പെഷ്യൽ തഹസിൽദാർ പേരാമ്പ്ര പതിച്ച് നൽകിയിരുന്നു. ടി ഭൂമിയോട് ചേർന്ന് കിടക്കുന്നതും മുൻപ് പതിച്ച് നൽകാൻ ബാക്കിയുള്ള ഭൂമിയാണ് അപേക്ഷക്ക് ആസ്പദം. നിലവിൽ ചക്കിട്ടപ്പാറ വില്ലേജ് അൺ സർവ്വെ വില്ലേജ് ആയതിനാൽ റിസർ വ്വെ ചെയ്ത് കൈവശ ഭൂമി തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയം നടത്തി തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |
| 3 | ഓന്നിപ്പുഴ | 20 | ചക്കിട്ടപ്പാറ വില്ലേജിൽ ഓന്നിപ്പുഴയുടെ തീരത്ത് ഭൂമി കൈവശം വച്ച് വരുന്ന കക്ഷികളുടെ ഹർജി. നിലവിൽ അപേക്ഷകർ ആരും ടി ഭൂമിയിൽ താമസിച്ച് വരുന്നില്ല. |
| 4 | മുതുകാട് | 14 | ചക്കിട്ടപ്പാറ മുതുകാട് പ്രദേശത്ത് 2010 ൽ താലൂക്ക് സ്പെഷ്യൽ ടീം പരിശോധിച്ച് അർഹരാണെന്ന് കണ്ടെത്തിയ 25 അപേക്ഷകളിൽ 15 സെന്റും അതിൽ കുറവ് |

| | | | |
|---|---|---|---|
| | | | ഭൂമി കൈവശം വച്ച് വീട് വച്ച് താമസിക്കുന്ന 11 കുടുംബത്തിന് ഭൂമിപതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം നൽകിയതിൽ അവശേഷിച്ച 15 സെന്റിലധികം ഭൂമി കൈവശം വച്ച് വരുന്ന 14 കുടുംബങ്ങൾ ആയതിൽ നടപടിസ്വികരിച്ച് വരുന്നു. |
| 5 | കോളനി പട്ടയം | 3 | വിവിധ കോളനിയിൽ താമസിച്ച് വരുന്ന കക്ഷികൾ. ഗ്രാമ പഞ്ചായത്ത് എൻ.ഒ.സി ലഭിക്കുന്ന മുറക്ക് പട്ടയം അനുവദിക്കുന്നതാണ്. |

അനുബന്ധം 2

| ക്രമ നമ്പർ | പട്ടയം ലഭ്യമായവരുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | ഷാജി കട്ടിപറമ്പിൽ | 5.56 ആർ |
| 2 | മറിയം നെരവത്ത് | 3.23 ആർ |
| 3 | ലീല കട്ടിപ്പറമ്പിൽ | 2.17 ആർ |
| 4 | സുരേന്ദ്രൻ, മല്ലിക കട്ടിപ്പറമ്പിൽ | 2.20 ആർ |
| 5 | ജാനു മുള്ളൻ പാറേമ്മൽ | 4.80 ആർ |
| 6 | മുഹമ്മദ്ദ് , സാറാ നെരവൻ തറേമ്മൽ | 4.60 ആർ |
| 7 | നൗഷാദ്  കട്ടിപ്പറമ്പിൽ | 1.98 ആർ |
| 8 | റഫീക്ക് എടക്കണ്ടി മീത്തൽ | 5.05 ആർ |
| 9 | ഖാദർ കിഴക്കേ മെട്ടമ്മൽ | 4.50 ആർ |